**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1352** **07-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താൻ പുതിയ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ കൂടുതൽ ഗുണപരമായ മാറ്റങ്ങൾക്കായി പുതിയ നയങ്ങൾ നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി പൊതു വിദ്യാഭ്യാസ സംരക്ഷ യജ്ഞത്തിന് തുടർച്ച എന്ന നിലയിൽ വിദ്യാകിരണം എന്ന പ്രവർത്തനമാണ് സംസ്ഥാനത്ത് ഇപ്പോൾ നടപ്പാക്കുന്നത്.<br><br>പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും മേഖലകൾക്കും വേണ്ടി 'ശ്രദ്ധ' പോലുള്ള പരിപാടികൾ, ശ്രുതിപാഠം, ഇന്ത്യൻ ആംഗ്യഭാഷയിൽ പരിശീലനം, ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പദ്ധതികൾ, അധ്യയനത്തിൽ മികവു പ്രകടിപ്പിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക പരിപോഷണ പരിപാടികൾ എന്നിവ നടപ്പാക്കും.<br><br>സെൽഫ് റിഫ്ളക്ഷൻ കിയോസ്കുകൾ, തിങ്ക് ആന്റ് ലോൺ പ്രോജക്റ്റ്, വിവിധതരം ക്ലബ്ബുകളു വ്യത്യസ്തങ്ങളായ ഇടപെടലുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കും. കുട്ടികളുടെ അഭിരുചി തിരിച്ചറിഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കലാകായിക വികസനത്തിനായുള്ള പരിപാടികളും നടപ്പാക്കും<br><br>ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ശേഷി കുട്ടിയുടെ കഴിവിനനുസരിച്ച് പരമാവധി നേടിയെന്ന് ഉറപ്പുവരുത്തും. പ്രീപ്രൈമറിതലം മുതൽ ഹയർ സെക്കന്ററിതലംവരെ മാതൃഭാഷാപഠനത്തിന് മലയാളഭാഷാ നിയമം കൊണ്ടുവന്നിട്ടുണ്ട്. അത് ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. അതോടൊപ്പം ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തും. |

| | | | |
|---|---|---|---|
| | | | മധുരം മലയാളം, ഹലോഇംഗ്ലീഷ് പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കും.<br><br>പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി കാലാനുസൃതമാറ്റങ്ങൾ ഉൾക്കൊണ്ട് തയ്യാറാക്കിയ പാഠ്യപദ്ധതി അടിസ്ഥാനമാക്കി മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകും. പ്രീപ്രൈമറി ക്ലാസ് മുറികൾ ആകർഷകവും ശിശുസൗഹൃദവുമാക്കും.<br><br>ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗവാസനകൾ കണ്ടെത്തി അവയെ പോഷിപ്പിക്കുന്നതിനുള്ള ടാലന്റ് ലാബ്, സർഗ്ഗ വിദ്യാലയം, സഹിതം തുടങ്ങിയ സ്കീമുകൾ കൂടുതൽ മെച്ചപ്പെടുത്തും.<br><br>എല്ലാ കുട്ടികൾക്കും കലാ-കായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസം കിട്ടത്തക്ക രീതിയിൽ പ്രവർത്തനപദ്ധതികൾ തയ്യാറാക്കും. അക്കാദമിക മോണിറ്ററിംഗ് ശക്തിപ്പെടുത്തും. വി.എച്ച്.എസ്.ഇ യിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കും.<br><br>നിലവിലുള്ള പി.ടി.എ, എസ്.എം.സി, എസ്.എം.ഡി.സി സംവിധാനങ്ങളുടെ കൂടുതൽ ഏകോപനം ഉറപ്പുവരുത്തും. ഇവയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. പൊതുവിദ്യാലയങ്ങൾക്ക് പുറമെ അംഗീകാരമുള്ള എല്ലാ വിദ്യാലയങ്ങൾക്കും ഇത് ബാധകമാക്കും.<br><br>എല്ലാ സ്കൂളുകൾക്കും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക് മാസ്റ്റർപ്ലാൻ സമഗ്രമായി പരിഷ്കരിക്കും. മാസ്റ്റർ പ്ലാനുകളെ അടിസ്ഥാനമാക്കി പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉന്നമനത്തിനായി സമഗ്രമായ മാസ്റ്റർ തയ്യാറാക്കും.<br><br>ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ശാരീരികവുമായ വെല്ലുവിളികൾ ലഘൂകരിക്കാൻ പദ്ധതികൾ ഉണ്ടാകും.<br><br>എല്ലാ സ്കൂളുകളിലും കൗൺസിലിംഗ് സേവനം ഉറപ്പുവരുത്തും. അധ്യാപകർക്ക് പ്രത്യേക പരിശീലനം നടത്തും. കുട്ടികളുടെ കായിക ക്ഷമത ഉറപ്പുവരുത്തും. |
| (ബി) | പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്ക് മികച്ച പരിശീലനവും വിദ്യാർത്ഥികൾക്ക് സാമൂഹിക അവബോധ ക്യാമ്പുകളും നിരന്തരമായി | (ബി) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ലക്ഷ്യം വയ്ക്കുന്ന അക്കാദമിക നേട്ടങ്ങളെ നടപ്പിലാക്കാൻ കഴിയുന്ന രീതിയിൽ അധ്യാപക |

| | | | |
|---|---|---|---|
| | നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | | ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പുതിയതായി സർവ്വീസിൽ പ്രവേശിച്ച അധ്യാപകർക്കായി എൽ.പി, യു.പി, എച്ച്.എസ് തലത്തിൽ റസിഡൻഷ്യൽ ഇൻഡക്ഷൻ പരിശീലനം നടപ്പിലാക്കിത്തുടങ്ങി. അവധിക്കാല അധ്യാപക പരിശീലനങ്ങൾ, കലാ-കായിക അധ്യാപകർക്കുള്ള പരിശീലനങ്ങൾ, ഭിന്നശേഷി അധ്യാപകർക്കുള്ള പ്രത്യേക പരിശീലനങ്ങൾ, സാങ്കേതികവിദ്യയുടെ സഹായത്തോടെ ക്ലാസ്സ് മുറികളെ ആധുനിക കാലത്തിനു യോജിച്ച തരത്തിൽ മാറ്റുന്നതിനും പാഠ്യപദ്ധതി പരിഷ്കാരം വിഭാവനം ചെയ്യുന്നതരത്തിൽ അധ്യാപകരെ നിരന്തരം ശാക്തീകരിക്കുന്നതിനുള്ള നവീനമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കും.<br><br>പൊതുവിദ്യാലയങ്ങളിലെ എല്ലാ അധ്യാപകർക്ക വിദഗ്ധരുടെ സഹായത്തോടെ പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കി മികച്ച രീതിയിലുള്ള പരിശീലനം വിവിധ ഏജൻസികളുടെ ഏകോപനത്തോടെ സംഘടിപ്പിക്കുന്നു.<br><br>വിദ്യാർത്ഥികൾക്ക് സാമൂഹിക അവബോധ ക്യാമ്പുകൾ, വിവിധ വിഷയങ്ങളിലുള്ള ക്യാമ്പുക എന്നിവ സമഗ്ര ശിക്ഷയുടെ നേതൃത്വത്തിൽ നടത്തി വരുന്നു. ഇവ മധ്യവേനൽ അവധിക്കാലത്തും തുടർന്നും നടപ്പിലാക്കും. |
| (സി) | സമൂഹത്തോട് ഉത്തരവാദിത്തമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിന് ആവശ്യമായ സാമൂഹ്യസേവന പരിപാടികൾ സ്കൂളുകളിൽ നടപ്പാക്കുമോ; വിശദമാക്കുമോ? | (സി) | **സമൂഹത്തോട് ഉത്തരവാദിത്വമുള്ള പൗരൻമാരായി കുട്ടികളെ വളർത്തുന്നതിന് വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളാണ് ഇന്ന് വിദ്യാലയങ്ങളിൽ നടപ്പാക്കുന്നത്. വ്യത്യസ്ത ക്ലബ്ബുകളുടെ പ്രവർത്തനം, സ്റ്റുഡൻസ് പോലീസ്, എൻ.എസ്.എസ്, എൻ.സി.സി എന്നിവയും പ്രവർത്തിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് കുട്ടികളുടെ സാമൂഹിക ഇടപെടൽ ശക്തിപ്പെടുത്തുന്നതിന് സ്കൂൾ സോഷ്യൽ സർവ്വീസിന്റെ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. പാഠ്യപദ്ധതിയോട് ചേർന്നുനിന്നു കൊണ്ട് നിരവധി പ്രവർത്തനങ്ങളാണ് സാമൂഹ്യബോധം വളർത്തുന്നതിന് സഹായകമായ രീതിയിൽ നിലവിൽ പാഠപുസ്തകങ്ങളിലുള്ളത്. പാഠ്യപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ദിനാചരണങ്ങൾ കുട്ടികളിൽ ഉയർന്നതലത്തിൽ സാമൂഹ്യബോധവും സാമൂഹിക ഇടപെടലിനും വഴിയൊരുക്കിയിട്ടുണ്ട്.**<br><br>**സ്കൂൾ പാർലമെന്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ലഹരി വിരുദ്ധ** |

| | | | |
|---|---|---|---|
| | | | **പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.** |

സെക്ഷൻ ഓഫീസർ